നഷ്ടമുണ്ടാക്കുന്നുണ്ട്. കാരണം വില കുറച്ചു കാണിക്കാനിടവരുന്നു. അതുപോലെ തന്നെയാണ് ചെറുകിട സ്റ്റാമ്പ് പേപ്പറിനുള്ള ക്ഷാമവും അവരെ അലട്ടുന്ന പ്രശ്നമാണ്. ഈ വക കാര്യങ്ങളും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽവച്ച് കൂടിയ കോൺഫറൻസിൽ പറഞ്ഞതാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും അടിയന്തിര നടപടിയുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കേരളാ സ്റ്റേറ്റ് സ്റ്റാമ്പ് വെണ്ടേഴ്സ് അസോസിയേഷനുമായി ഗവൺമെന്റ് ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി. മുൻപ് 500 രൂപ വരെ വിലയുള്ള പത്രങ്ങളാണ് വെണ്ടർമാർക്കു വിൽക്കാൻ അവകാശം കൊടുത്തിരുന്നത്. രണ്ടുവർഷം മുൻപു ഗവൺമെന്റ് അതു രണ്ടായിരം രൂപയായി വർദ്ധിപ്പിച്ചു. ഇപ്പോൾ അവരുടെ ഡിമാന്റ് അയ്യായിരം രൂപയാക്കണമെന്നാണ്. 500 രൂപയിൽ നിന്നും രണ്ടായിരം രൂപയായി വർദ്ധിപ്പിച്ചപ്പോൾ കമ്മിഷനിൽ ചില മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. ഗവൺമെന്റ് അതിനുവേണ്ട നടപടികളും സ്വീകരിക്കും.

(5.) ശ്രീ. സിറിയക് ജോണിന്റെ-കോടഞ്ചേരി ഗവൺമെന്റുകോളേജിന്റെ കെട്ടിടം

ശ്രീ. സിറിയക് ജോൺ: സർ, 1981-82-ലാണ് കോടഞ്ചേരിയിൽ ഒരു ഗവൺമെന്റു കോളേജ് ആരംഭിച്ചത്. 15 ഏക്കർ സ്ഥലവും 5 ലക്ഷം രൂപയും സ്പോൺസറിംഗ് കമ്മറ്റി നൽകണമെന്നുള്ള വ്യവസ്ഥയിലായിരുന്നു അന്നു കോളേജ് അനുവദിച്ചത്. അതനുസരിച്ചു 15 ഏക്കർ സ്ഥലം നൽകി. 5 ലക്ഷം രൂപയ്ക്കു പകരം 7 ലക്ഷം രൂപയുടെ കെട്ടിടവുമുണ്ടാക്കി അതിനു പുറകേ ഫർണിച്ചറുകളും ലൈബ്രറിക്കു വേണ്ടിയുള്ള കെട്ടിടങ്ങളും എല്ലാം അവർ നിർമ്മിച്ചു. സർ, രണ്ടാഴ്ചയ്ക്കു മുൻപുണ്ടായ കാറ്റിൽ ആ കെട്ടിടത്തിന്റെ മുകളിലുണ്ടായിരുന്ന ഓടു മുഴുവൻ പറന്നുപോയി. അതിനെ തുടർന്ന് ആ കെട്ടിടം ഇപ്പോൾ ചോർന്നൊലിക്കുകയാണ്. കെട്ടിടത്തിൽ 38½ ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഡിപ്പാർട്ടുമെന്റ് തയ്യാറാക്കി. അതിനു ഭരണാനുമതി നൽകിയതാണ്. എന്നാലും ഇപ്പോൾ എല്ലാ കാര്യങ്ങളും സ്പെഷ്യൽ ഓർഡർ മുഖാന്തിരമാണ് നടക്കുന്നത്. സംസ്ഥാനത്തിനാണെങ്കിൽ റിസർവ് ബാങ്കിൽ 168 കോടി രൂപ മിച്ചമുണ്ട്. എങ്കിലും ഇപ്പോൾ ഭരണാനുമതിയുള്ളതും, ബഡ്ജറ്റിൽ പ്രൊവിഷനുള്ളതുമായ ജോലികളെ സംബന്ധിച്ചിടത്തോളം. സ്പെഷ്യൽ ഓർഡർ വേണമെന്നാണ്. ഈ സ്പെഷ്യൽ ഓർഡറിനുവേണ്ടി ചീഫ് എഞ്ചിനീയർ ഗവൺമെന്റിൽ ഫയൽ അയച്ചുവെങ്കിലും സാങ്ഷൻ കൊടുത്തിട്ടില്ല. ആ കോളേജിൽ ഇപ്പോൾ ക്ലാസ് നടക്കുന്നില്ല. കെട്ടിടം ഇപ്പോൾ ചോർന്നൊലിക്കുകയുണ്ട്. ജനങ്ങളുടെ ഭാഗത്തുനിന്നും ഇത്രമാത്രം കാര്യമായ ഒരു പങ്കു വഹിച്ചിട്ടുപോലും ഗവൺമെന്റ് ഗുരുതരമായ അനാസ്ഥയാണ് കാണിക്കുന്നത്. ഈ കോളേജിൽ സുഗമമായ പ്രവർത്തനം നടക്കണമെന്നുണ്ടെങ്കിൽ താൽക്കാലികമായി ഓടു മേയുകയും അറ്റകുറ്റ പണികളും നടത്തുകയും വേണം. അതോടൊപ്പം എസ്റ്റിമേറ്റിനു സാങ്ഷൻ കൊടുത്തുകൊണ്ട് വേഗം ടെൻഡർ വിളിച്ച് അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നതിനുവേണ്ട നടപടികളും സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, കോഴഞ്ചേരി ഗവൺമെൻറ് കോളേജിൻെറ സ്പോൺസറിംഗ് കമ്മിറ്റി 7 ലക്ഷം രൂപയുടെ കെട്ടിടം എന്നു പറഞ്ഞത് ശരിയല്ല. 5, 17, 130 ലക്ഷം രൂപയുടെ ഒരു കെട്ടിടം അവിടെ തീർത്തു തന്നിട്ടുണ്ട്. ഇപ്രാവശ്യം അതിനു കേടുപാടുകൾ സംഭവിച്ചു എന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കെട്ടിടത്തിൻെറ നിർമ്മാണത്തിലുണ്ടായ അപാകത കൊണ്ടാണെന്നാണ് മനസിലാക്കുന്നത്. ഞാൻ ആരേയും കുറ്റപ്പെടുത്തുകയല്ല. കോളേജ് ആരംഭിക്കാൻ ഗവൺമെൻറ് നിഷ്കർഷിച്ച വ്യവസ്ഥകളിൽ ഒന്നാണ്. 5 ലക്ഷം രൂപ മതിപ്പുള്ള ഒരു കെട്ടിടം നീർക്കാൻ ആവശ്യമുള്ള സ്ഥലം തരണമെന്നുള്ളത്, അത് ആ കമ്മറ്റി ചെയ്തിട്ടുണ്ട്. കെട്ടിടത്തിൻെറ പണിയിലുണ്ടായ അപാകതയാണ് ഇന്ന് കേടുപാടുകൾ സംഭവിക്കാൻ കാരണം എന്നാണ് വിദഗ്ദ്ധൻമാർ ചൂണ്ടിക്കാണിച്ചിരിക്കുന്നത് എന്തായാലും ഇവിടെ സൂചിപ്പിച്ചപോലെ പുതിയ കെട്ടിടത്തിന് ഭരണാനുമതി കൊടുത്തിട്ടുണ്ട്. 1986-87 വർഷത്തിലെ ബഡ്ജറ്റിൽ 5 ലക്ഷം രൂപ അതിനുവേണ്ടി ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൻെറ പണിയുടനെതന്നെ ആരംഭിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിച്ചു വരികയാണ്. 1987-88-ൽ ഉള്ള പുതിയ ബഡ്ജറ്റിൽ ആവശ്യമായിട്ടുള്ള തുക കൊള്ളിക്കാൻ ഗവൺമെൻറ് ആഗ്രഹിക്കുന്നുണ്ട്. 84-ൽ ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് പുതിയ മരാമത്ത് പണികൾ തൽക്കാലം ഏറെറടുക്കേണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അതിൻെറ കാരണം സ്പിൽഓവർ വർക്കുകൾ ഇത്തിരി കിടക്കുന്നതുകൊണ്ടാണ്. ബഡ്ജറ്റിൽ അലോട്ടു ചെയ്തിരിക്കുന്ന പണവും നടന്നിരുന്ന ജോലിയും തമ്മിൽ നോക്കുമ്പോൾ വലിയ വ്യത്യാസം വന്നിരുന്നു. അതുകൊണ്ടാണ് അങ്ങനെ ഒരുത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഓരോ പ്രദേശങ്ങളിലെയും പ്രത്യേകമായ ആവശ്യകത അനുസരിച്ച് അതിനകത്ത് ആവശ്യമായ ഇളവ് ഗവൺമെൻറ് കൊടുക്കുന്നുണ്ട്. ഇക്കാര്യം ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

(6.) ശ്രീ. ഇ. കെ. നായനാരുടെ-റെയിൽവേ ചരക്കു കൂലിയിലുണ്ടായ വർദ്ധനവുമൂലം നിത്യോപയോഗ സാധനങ്ങൾക്കുണ്ടായിരിക്കുന്ന വിലവർദ്ധനവ്

ശ്രീ. ഇ. കെ. നായനാർ : സർ, റെയിൽവേ ചരക്കുകൂലി വീണ്ടും വർദ്ധിപ്പിച്ചതിൻെറ ഫലമായി നമ്മുടെ രാജ്യത്തെ മിക്ക സാധനങ്ങളുടെയും വില വർദ്ധിച്ചു കൊണ്ടു വരികയാണ്. ചരക്കുകൂലിയിനത്തിൽ 313 കോടി രൂപയും ലഗേജ് കൂലി 15% വർദ്ധിപ്പിച്ചതുംവഴി 7 കോടി രൂപയും ഉൾപ്പെടെ 320 കോടി രൂപയാണ് ജനങ്ങളുടെ മേൽ കെട്ടിവച്ചിരിക്കുന്നത്. ഇപ്പോൾ തന്നെ കേന്ദ്രം സമ്മതിക്കുന്നു 45% വില വർദ്ധിച്ചുയെന്ന്. എന്നാൽ യഥാർത്ഥത്തിൽ 70-80% കണ്ട് വർദ്ധിച്ചിട്ടുണ്ട്. ബഡ്ജറ്റിനിടയ്ക്ക് ഇത്തരത്തിലുള്ള ചാർജ്ജ് വർദ്ധനവ് ഒരു പതിവാക്കിയിരിക്കുകയാണ്. ചരക്കുകൂലി വർദ്ധിപ്പിച്ചാൽ അതനുസരിച്ച് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ കയറ്റമുണ്ടാകും. കഴിഞ്ഞ വർഷം ഇതുപോലെ 2 തവണ വർദ്ധിപ്പിച്ചു. പെട്രോളിൻെറയും, പെട്രോൾ ഉൽപ്പന്നങ്ങളുടെയും വില കഴിഞ്ഞവർഷം ഇടക്കാലത്താണ് വർദ്ധിപ്പിച്ചത്. ബഡ്ജറ്റ് ഘട്ടത്തിലല്ലാതെ കേന്ദ്ര ഗവൺമെൻറിന് ആവശ്യമുള്ളപ്പോഴൊക്കെ ആ രീതിയിൽ ഇന്ത്യയിലെ സാധാരണ ജനങ്ങളുടെ തലയ്ക്ക് വില കൂട്ടിയും ചാർജ്ജ് വർദ്ധിപ്പിച്ചും കെട്ടി വയ്ക്കുകയാണ്. തപാൽ വകുപ്പിൻെറയും കമ്പി വകുപ്പിൻെറയും ചാർജ്ജ് വർദ്ധനവ് തൊട്ടു പിന്നാലെയെന്നാണ് പത്രങ്ങളും പറയുന്നതും പ്രചരണം നടക്കുന്നതും. ഈ നടപടി അങ്ങേയറ്റം

LIBRARY ARCHIVES Kerala Legislative Assembly